**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3847** **21.10.2016 ൽ മറുപടിയ്ക്ക്**

**"ഇക്കോ ഷോപ്പുകൾ' വഴി വിഷരഹിത പച്ചക്കറി"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.ആൻസലൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. ജോർജ്ജ് എം.തോമസ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിഷരഹിത പച്ചക്കറി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 'ഇക്കോ ഷോപ്പുകൾ' ആരംഭിച്ചിട്ടുണ്ടോ; | (എ) യും<br>(ബി) യും | ഉണ്ട്. |
| (ബി) | വെള്ളായണി കാർഷിക കോളേജ് ലബോറട്ടറിയിൽ നടത്തിയ കീടനാശിനി വിഷാംശ പരിശോധനയിൽ ഇക്കോ ഷോപ്പുകളിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ വിഷാംശം കണ്ടെത്താത്തതിനെ തുടർന്ന് ഇവ വിഷരഹിതമെന്ന് വ്യക്തമാക്കുന്ന ഉൽപ്പന്ന പരിശോധനാ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ; | | |
| (സി) | ഇക്കോ ഷോപ്പുകളുടെ ഗുണഫലം കൂടുതൽ ആളുകളിൽ എത്തിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ജി.എ.പി. ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിച്ച വിഷവിമുക്തമായ പഴം-പച്ചക്കറികൾ ഇക്കോഷോപ്പുകൾ വഴി വില്പന നടത്തുന്നതാണ്. നിലവിലുള്ള 45 ഇക്കോഷോപ്പുകൾക്കു പുറമേ 15 ഇക്കോ ഷോപ്പുകൾ കൂടി അധികമായി ആരംഭിക്കുന്നതാണ്. ഇക്കോഷോപ്പുകൾ വഴി ജൈവ ഉല്പന്നങ്ങൾ വില്ക്കുന്നതിന് കർഷകർക്ക് ധനസഹായവും നൽകുവാൻ പദ്ധതിയുണ്ട്. |
| (ഡി) | മാളുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ജൈവപച്ചക്കറിയെന്ന പേരിൽ വിൽക്കുന്നവയിൽ പലതിലും വിഷാംശം കണ്ടെത്തിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ഭക്ഷ്യ സുരക്ഷാ വകുപ്പും ജൈവ പച്ചക്കറി കടകളിൽ നിന്ന് സാമ്പിൾ ശേഖരിച്ച് പരിശോധിച്ച് ഫലങ്ങൾ പരസ്യപ്പെടുത്തുന്നുണ്ട്. കൂടാതെ പച്ചക്കറികളിലെ വിഷാംശം നീക്കം ചെയ്ത് ഭക്ഷ്യയോഗ്യമാക്കുന്ന മാർഗ്ഗങ്ങൾ കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**